പ്ര
തി
ഭ
ദീപനാളം
കുട്ടികളോടൊപ്പം

ഹായ് കൂട്ടുകാരേ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

റെയ്ച്ചൽ ജോർജ്
ബി.കോം എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ

'ഞാൻ സ്വതന്ത്രനാണ് എന്നു പറയുന്നതിൽ വാസ്തവത്തിൽ എന്തു കഴമ്പുണ്ട്? എത്രയോ മുൻവിധികളുടെ അദൃശ്യച്ചരടുകളാൽ നിയന്ത്രിക്കപ്പെടുന്ന പാവക്കൂത്തുകളിലെ നിസ്സഹായരായ പാവകളെപ്പോലെയാണ് പലപ്പോഴും നമ്മൾ.' ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ 'സഞ്ചാരിയുടെ ദൈവം' എന്ന പുസ്തകത്തിലെ വരികളാണിവ.

ആദ്യവായനയിൽ നമ്മിൽ ആശ്ചര്യം രൂപപ്പെടുമെങ്കിലും ഈ വരികൾ പകർന്നുനൽകുന്ന ചിന്ത വളരെ വിശാലമാണ്. ചുറ്റുമുള്ളതിനെ വകവയ്ക്കാത്ത, സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളികൂട്ടുന്ന ഒരു തലമുറയിൽ ജീവിക്കുമ്പോൾ ഈ വാക്കുകൾക്കു പ്രസക്തി വർധിക്കുന്നു. ഇഷ്ടങ്ങൾക്കും താത്പര്യങ്ങൾക്കും മാതാപിതാക്കളും അധ്യാപകരും മുതിർന്നവരും വിലങ്ങുതടിയാകുന്നുവെന്ന ചിന്ത കുട്ടികളിൽ, യുവജനങ്ങളിൽ വർധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. യഥാർഥത്തിൽ നമുക്കു സ്വാതന്ത്ര്യം ലഭിക്കേണ്ടത് മനസ്സിന്റെ അന്തർധാരകൾ സൃഷ്ടിച്ച മുൻവിധികളിൽനിന്നാണ്.

സ്വാതന്ത്ര്യം അന്യന്റെ ജീവനെയും ആത്മാവിനെയും ഹനിക്കാനുള്ളതല്ല എന്ന ചിന്ത, കുട്ടികളിലും യുവജനങ്ങളിലും വളരേണ്ടിയിരിക്കുന്നു. ചില അരുതുകൾ അതിരുകളല്ലെന്നും വിശാലമായ ആകാശം കരുപ്പിടിപ്പിക്കുന്നതിൽ വളരെ വലിയ പങ്കുവഹിക്കുന്നതാണെന്നുമുള്ള ബോധ്യം യുവജനതയ്ക്കുണ്ടാകണം. അഭിപ്രായസ്വാതന്ത്ര്യം, വസ്ത്രസ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം എന്നിങ്ങനെ ഭരണഘടന നിഷ്കർഷിക്കുന്ന സ്വാതന്ത്ര്യങ്ങളുടെ എണ്ണം നീളുന്നു. മനുഷ്യൻ സമൂഹജീവി ആയിരിക്കുമ്പോൾ ഇത്തരം സ്വാതന്ത്ര്യങ്ങൾ കൂടിയേ തീരൂ. എന്നാൽ, പറക്കമുറ്റുംമുമ്പേ മാതാപിതാക്കളിൽനിന്നോ മുതിർന്നവരിൽനിന്നോ ലഭിക്കുന്ന അരുതുകൾ നമ്മുടെ സ്വാതന്ത്ര്യങ്ങൾക്കു വിലങ്ങുതടിയാകുന്നില്ല എന്ന വസ്തുത കുട്ടികൾ തിരിച്ചറിയണം. മാതാപിതാക്കളും മുതിർന്നവരും ചില അരുതുകൾ നിശ്ചയിക്കുമ്പോൾ എന്റെ ജീവിതത്തിൽ സ്വാതന്ത്ര്യനിഷേധമാണു നടമാടുന്നതെന്ന ചിന്തയും ഉന്നയിക്കപ്പെടുന്ന അത്തരം ചോദ്യങ്ങളും തലമുറയുടെ മൂല്യച്യുതിയെയാണു കാണിക്കുന്നത്. ഇത്തരം ചിന്തകൾ വളർന്നുവരുന്ന യുവതലമുറയെ അപ്പാടെ കാർന്നുതിന്നുന്ന വിഷചിന്തകളാണ്.

ശരീരം ദൈവത്തിന്റെ ആലയമാണ്. പരിശുദ്ധിയോടെ സൂക്ഷിക്കേണ്ട ശരീരത്തെ കാഴ്ചവസ്തുവായി ചിത്രീകരിക്കുന്ന നൂതനസംസ്കാരം 'എക്സ്പ്ലോർ യുവർ പ്ലഷർ' എന്ന ആപ്തവാക്യം കുറിച്ചിടുമ്പോൾ ഉടൽ ദൈവാലയമാണെന്ന ചിന്ത നമ്മുടെ തലമുറയ്ക്കു നഷ്ടമാകുന്നു. എന്റെ ഉടൽ സത്രമല്ല, ക്ഷേത്രമാണെന്നു ബോധ്യമുള്ളവർക്കേ മറ്റൊരുവന്റെ ശരീരത്തെ ബഹുമാനിക്കാനാകൂ. കാരണം, ദൈവം തന്റെ ഛായയാകുന്ന സ്നേഹത്തിൽ സൃഷ്ടിച്ചതാണ് നാമോരോരുത്തരെയും. ആ ദൈവാംശാവബോധം ഉണരുമ്പോളാണ് ക്രിസ്തു പറയുന്നതുപോലെ കണ്ണു ശരീരത്തിന്റെ വിളക്കായി മാറുന്നത്. ഈ വെളിച്ചം കെട്ടുപോകുന്നിടത്ത് അന്ധകാരം വ്യാപിക്കും. പാപത്തിന്റെ മ്ലേച്ഛതയുടെ അന്ധകാരം.

നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്ന സ്നേഹസംഭാഷണങ്ങൾ അതിരുകടക്കുമ്പോൾ നഷ്ടമാകുന്നത് കുടുംബബന്ധങ്ങളുടെ ഊഷ്മളതയാണ്. ജീവിതമാകുന്ന നൂൽപ്പാലത്തിന്റെ കെട്ടുപൊട്ടാതിരിക്കാൻ മാതാപിതാക്കളും മുതിർന്നവരും നിഷ്കർഷിക്കുന്ന അതിരുകൾ ആവശ്യമാണ്. തെറ്റിന്റെ ആഴിയിൽ പതിച്ചതിനുശേഷം പരിതപിച്ചിട്ട് എന്തു കാര്യം! സ്വാതന്ത്ര്യം ആവശ്യമാണ്. അത് അനാവശ്യമായി ഉപയോഗപ്പെടുത്തുമ്പോൾ നിയമങ്ങൾ വളച്ചൊടിക്കപ്പെടുന്നു, നീതിനിഷേധങ്ങൾ ഉയരുന്നു. മറ്റൊരുവന്റെ നന്മയെ കാംക്ഷിക്കുന്നതാണ് സ്നേഹത്തിന്റെ തന്മയീഭാവം. നമ്മുടെ പ്രവൃത്തികൾ കുറ്റമറ്റതെങ്കിൽ അപരനും കുറ്റമറ്റവനായി മാറും. പാപത്തിന്റെ അന്ധകാരത്തിലേക്ക് ഇടറിവീഴാതെ ചില അരുതുകളെ നെഞ്ചോടുചേർത്ത് നന്മയുള്ളവരായി, ഭൂമിയുടെ ഉപ്പായി, ലോകത്തിന്റെ പ്രകാശമായി നമുക്കു വളരാം.

മാർഗദർശികൾ

അജയ് കെ. ജോസഫ്
കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ
കാഞ്ഞിരപ്പള്ളി

ഇന്ത്യയുടെ രാഷ്ട്രപതിയും ദാർശനികനുമായ ചിന്തകനുമായിരുന്ന ഡോ. സർവവേപ്പള്ളി രാധാകൃഷ്ണൻ തന്റെ ജന്മദിനം ആഘോഷിക്കാതെ രാജ്യത്തുള്ള ഓരോ അധ്യാപകനുംവേണ്ടി നീക്കി വയ്ക്കണമെന്നാണാഗ്രഹിച്ചു. അങ്ങനെ 1962 സെപ്റ്റംബർ അഞ്ചിന് രാജ്യമൊട്ടാകെ അധ്യാപകദിനം ആചരിച്ചു തുടങ്ങി.

'ഗുരുഃ ദേവോ ഭവ' എന്നതാണ് ആർഷഭാരതസംസ്കാരം. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് തുളസീദാസിന്റെ വാക്കുകൾ: "ഈശ്വരനും ഗുരുവും എന്റെ മുന്നിൽ വന്നു നിന്നാൽ ഞാൻ ആദ്യം ഗുരുവിനെ നമസ്കരിക്കും. എന്തുകൊണ്ടെന്നാൽ, ഈശ്വരനെ കാണാനുള്ള കരുത്ത് എനിക്കു പ്രദാനം ചെയ്തത് ഗുരുവാണ്." 'മാതാ പിതാ ഗുരു ദൈവം' എന്ന ആശയമാണ് ഭാരതസംസ്കാരം മുന്നോട്ടുവയ്ക്കുന്നത്. ജീവൻ പകർന്നുതന്ന ദൈവത്തോടും മാതാപിതാക്കളോടുമൊപ്പം നാം ഗുരുക്കന്മാരെ നോക്കിക്കാണുന്നു. അറിവില്ലായ്മയുടെ അന്ധകാരത്തെ അകറ്റി അറിവിന്റെ വെളിച്ചം പകരുന്നവരാണിവർ.

'ഭാവിഭാരതം ക്ലാസ്മുറിയിൽ രൂപപ്പെടുന്നു' എന്ന് കോത്താരിക്കമ്മീഷൻ റിപ്പോർട്ടും 'വിദ്യാഭ്യാസം അനുപമമായ മുതൽമുടക്കാണ്; ഇന്നത്തേക്കും നാളത്തേക്കും' എന്ന് 1986 ലെ ദേശീയ വിദ്യാഭ്യാസനയവും അടിവരയിട്ടു പറയുന്നു. ഇതിൽനിന്ന് ഒരു അധ്യാപകന്റെ സ്ഥാനം എത്ര മഹത്തരമാണെന്നു പറയേണ്ടതില്ലല്ലോ.

അധ്യാപകരെ ആദരിക്കാനാണ് അധ്യാപകദിനം ആചരിക്കുന്നത്. അധ്യാപകർ മാർഗദർശികളാണ്. വിദ്യാർഥികൾ അധ്യാപകരിൽനിന്നു നല്ല മൂല്യങ്ങൾ സ്വായത്തമാക്കണം. വ്യക്തിത്വവികസനവും സാർവലൗകികസാഹോദര്യവും സ്വായത്തമാക്കുന്നത് ക്ലാസ്മുറികളിൽനിന്നാണ്. പാഠഭാഗങ്ങൾ പഠിപ്പിക്കുകമാത്രമല്ല; ഒരു വിദ്യാർഥിയെ ഉത്തമപൗരനാക്കുക എന്നതുകൂടിയാണ് അധ്യാപനത്തിന്റെ ലക്ഷ്യം.

ശാസ്ത്രസാങ്കേതികമേഖലയിലും രാഷ്ട്രപതിയെന്ന നിലയിലും കഴിവു തെളിയിച്ച ഡോ. എ.പി.ജെ. അബ്ദുൾ കലാം പറയുന്നത്, 'എനിക്ക് ഏറ്റവും കൂടുതൽ താത്പര്യം ഒരു അധ്യാപകനെന്ന പേരിൽ അറിയപ്പെടാനാണ്' എന്നാണ്.

ആധുനികകാലഘട്ടത്തിൽ അധ്യാപകരുടെ പ്രസക്തി നഷ്ടപ്പെടാതെ സൂക്ഷിക്കണം. വിവരസാങ്കേതികവിദ്യയുടെ അതിപ്രസരം വിദ്യാഭ്യാസരംഗത്തെയും സാരമായി ബാധിക്കുന്നുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിൽ അധ്യാപകർക്ക് സ്വന്തം ക്ലാസ്മുറികളിൽപ്പോലും സുരക്ഷിതരായി, തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിദ്യ പകർന്നുകൊടുക്കാൻ സാധിക്കാത്ത ചുരുക്കം ചില കയ്പേറിയ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് ഓർക്കാതിരിക്കാനാവില്ല.

അതിജീവനത്തിന്റെ വിജയമന്ത്രം

ശരണ്യ ബാബു
ബി.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ

ദുരന്തങ്ങളെ എന്നും ഒരു നടുക്കത്തോടെയാണ് ഓരോ ജനതയും കാണുന്നത്. മനുഷ്യനിർമിതവും പ്രകൃതിനിർമിതവുമായ ദുരന്തങ്ങൾക്ക് എന്നും ലോകം സാക്ഷ്യം വഹിക്കുന്നു.

കേരളവും ഈ സമാനമായ സാഹചര്യത്തിലൂടെ കടന്നുപോയിട്ടുണ്ട്.

ആർത്തലച്ചുവന്ന രണ്ടു മഹാപ്രളയങ്ങളെയും ലോകത്തെ ഇരുട്ടിലാഴ്ത്തിയ കൊവിഡ് മഹാമാരിയെയും നിപയെയും ഉൾപ്പെടെ എല്ലാ ദുരന്തങ്ങളെയും നാം അഭിമുഖീകരിക്കാൻ പഠിച്ചു. ഇരുട്ടിന്റെ മറവിൽ ആർത്തലച്ചുവരുന്ന മലവെള്ളപ്പാച്ചിലിൽ സ്വപ്നങ്ങളും പ്രതീക്ഷകളും മണ്ണോടുമണ്ണടിയാൻ ഒരു നിമിഷം മതിയെന്ന് വയനാട് സംഭവവും നമ്മെ ഓർമിപ്പിച്ചു.

ഏതു പ്രതികൂലസാഹചര്യത്തിലും ഒഴുക്കിനെതിരേ നീന്തി മറുകര തേടുന്നത് കേരളജനതയുടെ അതിജീവനമന്ത്രംകൊണ്ടാണ്.

പച്ചപ്പിന്റെ നിറഞ്ഞ പീലികൾ വിടർത്തി പ്രകൃതി മനുഷ്യന്റെ മനംകവരുന്നു. അതേ പ്രകൃതി തന്നെ ഇരുട്ടിന്റെ മറവിൽ കലിതുള്ളി വരുന്ന വെള്ളപ്പാച്ചിലിൽ എല്ലാം കശക്കിയെറിയുന്നു.

എല്ലാം നഷ്ടപ്പെട്ട്, ഉറ്റവരും ഉടയവരുമില്ലാതെ ശൂന്യമായ ആ ദുരന്തഭൂമിയിൽ ജീവിതം ഇനി എങ്ങനെ? ആ വലിയ ചോദ്യത്തിനുമുമ്പിൽ നിസ്സഹായരായി നിൽക്കുകയാണ് ഒരു ജനത.

അസാധ്യതകളിൽനിന്ന് സാധ്യതകൾ തേടാനുള്ള അസാധാരണമായ ഒരു കഴിവാണ് എവിടെയും ഏതു സാഹചര്യത്തിലും നമ്മുടെ രക്ഷ. ‘കേരളം ദൈവത്തിന്റെ സ്വന്തം നാട്’ എന്ന് നാം വീണ്ടും ഓർമിക്കുന്നത് ഇങ്ങനെയുള്ള ദുരന്തങ്ങളെ അഭിമുഖീകരിക്കുമ്പോഴാണ്. നാം വീണുകിടക്കുമ്പോൾ, തളർന്നിരിക്കുമ്പോൾ നമ്മുടെ കൈപിടിക്കാൻ, വഴി കാട്ടിത്തരാൻ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യസ്നേഹികളിലാണ് നാം ദൈവത്തെ നേരിൽ കാണുന്നത്. അങ്ങനെയുള്ളവർ നല്കുന്ന പ്രതീക്ഷയിലാണ് ഓരോ പ്രതിസന്ധിയിലും തളരാതെ നാം പുതുജീവിതത്തെ തേടിയിറങ്ങുന്നത്.

ജാതി, മത, വർഗ, വർണ രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാവരും ഒറ്റമനസ്സായി ഒന്നിച്ചിറങ്ങുമ്പോഴാണ് എല്ലാം മറന്ന് അതിജീവനത്തിന്റെ മതിലുകൾ കെട്ടിയുയർത്താനാവുക. ഇങ്ങനെയുള്ള ദുരന്തങ്ങളിലാണ് മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്നത്.

മനുഷ്യസ്നേഹവും മാനവികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു ജനതയിലാണ് ഉയിർപ്പിന്റെ അതിജീവനമന്ത്രമുള്ളത്. ഇത് കേരളമാണ്. നാം ഒറ്റക്കെട്ടാണ്. നാം അതിജീവിക്കുകതന്നെ ചെയ്യും.

■

വിഷ്ണു പി. ആർ.
എം.എസ്‌സി സുവോളജി
ഋഷിഹുഡ് യൂണിവേഴ്സിറ്റി
സോനിപ്പട്ട്, ഹരിയാന

ഭൂമിയുടെ മാറിൽ

കവിത

ഇവിടെയാണിവിടെയാണീ ഭൂവിലെന്നുടെ
നിത്യഹരിതമാം മാതൃഗേഹം,
മണ്ണിന്റെ മനസ്സാണീ പെണ്ണിന് കൂട്ടായാ-
മണ്ണിന്റെ ആഴങ്ങൾ തേടുന്നു ഞാൻ,
വേരുകൾ നാരുകളായിറങ്ങീ ഭൂമി-
മാറിലെ ദുഗ്ധം നുകർന്നെടുക്കെ,
പറയുവാനാവില്ല ജനിമൃതി തോൽക്കുമാ-
വാത്സല്യപാലാഴി നേടുന്നു ഞാൻ,
ജനനി ഭൂമി തൻ ഗാനം
ഞാൻ കേട്ടിടുന്നൂ...
ഞാനെന്ന വൃക്ഷമതീമണ്ണിലു-
ണരവേ കേവലമർത്യരല്ലെന്റെ ലോകം,
ഈ വസുധൈവകുടുംബമാണെന്റെ ലോകം.
താനെന്ന ബോധത്തിന്നടിമയായാമർത്യ മാനസത്തിൽ
ഭൂമി വില്പനയ്ക്കായ്,
അതിൻമേലുള്ള വൃക്ഷവും വില്പനയ്ക്കായ്,
ഞങ്ങൾ മർത്യന് കേവലം ഭോഗവസ്തു.
കോപാഗ്നിയായി, കൊടുങ്കാറ്റായി, മാരിയായി
ശിക്ഷ വിധിച്ചിടുന്നൂ പ്രകൃതി, അതിൻ
വേദനയിൽ നീ പിടഞ്ഞിടുന്നൂ...
ഇനിയെന്റെ ഭൂമിക്കും ആ ഭൂമിപുത്രിക്കും
മുന്നിലെ മാൻകിടാവാകണം നീ,
നിനക്കായെല്ലാം ഭൂമിതൻ മാറിലുണ്ട്.

ത്രിഷാല സാബുജി
ക്ലാസ് X
ബേത്‌ലഹേം ദയറ
ഹൈസ്കൂൾ,
കിഴക്കമ്പലം ആലുവ

കഥ

ഉത്തമനായ ശിഷ്യൻ

ഒരിക്കൽ ധർമപുരം എന്ന ഗ്രാമത്തിൽ ഒരു ഗുരുകുലം ഉണ്ടായിരുന്നു. ദേവസ്വാമിയായിരുന്നു ആശ്രമത്തിലെ ഗുരു. ഗുരുവിന് ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നു. ഒരു ദിവസം ഉത്തമനായ ശിഷ്യനെ കണ്ടെത്താൻ ഗുരു ഒരു പരീക്ഷണം നടത്തി. ശൂന്യമായ ഒരു മുറി ഒറ്റദിവസംകൊണ്ടു നിറയ്ക്കണം എന്നതായിരുന്നു പരീക്ഷ. ശിഷ്യന്മാരെല്ലാം പലതരത്തിലുള്ള സാധനങ്ങൾകൊണ്ട് മുറി നിറച്ചു. അങ്ങനെ ഗുരു ശിഷ്യന്മാരുടെ മുറി കാണാൻ എത്തി. പല ശിഷ്യന്മാരും മരങ്ങളും ചെടികളും പലതരത്തിലുള്ള മാലിന്യങ്ങളുംകൊണ്ട് മുറി നിറച്ചു. എന്നാൽ, സോനു എന്ന ശിഷ്യൻ ഒരു മെഴുകുതിരി മാത്രമാണ് മുറിയിൽ കത്തിച്ചുവച്ചത്. ഗുരു എത്തിയപ്പോൾ സോനുവിന്റെ മുറിയൊഴിച്ച് ബാക്കി മുറികളെല്ലാം ദുർഗന്ധപൂരിതമായിരുന്നു. ഗുരുവിനു നന്നെ ദേഷ്യം തോന്നി. എന്നാൽ, സോനുവിന്റെ മുറിയിൽ എത്തിയപ്പോൾ ഗുരുവിന് വളരെ സന്തോഷമായി. വൃത്തിയുള്ള മുറിയിൽ പ്രകാശം പരത്തുന്ന ഒരു മെഴുകുതിരി! ഗുരു പറഞ്ഞു: “കാര്യങ്ങൾ വിവേകത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സോനുവാണ് എന്റെ ഉത്തമനായ ശിഷ്യൻ.”

ഇതുകേട്ട് സോനുവിനെ മറ്റുള്ളവർ അഭിനന്ദിച്ചു. സോനുവിനു വളരെ സന്തോഷമായി.

‘ചെയ്യേണ്ട കാര്യങ്ങൾ വിവേപൂർവം ചെയ്താൽ അംഗീകാരം നമ്മെ തേടിയെത്തും.’



കവിത

അശരീരികൾ

ആദിത്യമോൾ സി. ജെ.
ക്ലാസ് X
സെന്റ് അലോഷ്യസ്
എച്ച്.എസ്. മണലുങ്കൽ

ഏകാന്തഭരിതമാം വീഥിയിൽ
സ്വരങ്ങൾ നിലച്ചുപോയോരാ
യാത്രയിൽ
ഏതോ സ്വപ്നങ്ങൾ
കൊഴിഞ്ഞുപോയ
മനസ്സിൻ കൂടാരത്തിൽ
പോയകാലത്തിൻ വിളികൾ
അശരീരികളാകുന്നുവോ?
കാതോർത്താൽ കേൾക്കാം
കൺതുറന്നാൽ കാണാം
ദുഃഖപാത്രങ്ങളാം മനുഷ്യർതൻ നേരുകൾ
നേരമില്ലെന്നു ചൊല്ലി നാം അകലവേ
തെല്ലുനേരമെങ്കിലും
അന്ധരായ് ബധിരരായ് മാറവേ,
മറക്കരുത് നാം
നാളെയീ വഴിയിലെ
പഥികരാണു നമ്മളെല്ലാം.

അഹങ്കാരം ആപത്ത്

കഥ

അഭിനവ് കെ. പ്രമോദ്
ക്ലാസ് VII
സെന്റ് സെബാസ്റ്റ്യൻ സ്കൂൾ
പേരൂർ

മഞ്ചാടിമലയുടെ ഒത്തനടുവിലായി പടുകൂറ്റൻ മരങ്ങൾക്കിടയിൽ ഒരു ചൂരൽച്ചെടി ഉണ്ടായിരുന്നു. മറ്റു മരങ്ങളെക്കാളും ചെറുതായ ചൂരൽച്ചെടിയെ തൊട്ടടുത്തുനിൽക്കുന്ന മാവ്മരം എപ്പോഴും കളിയാക്കും: “അയ്യേ നിന്നെ കണ്ടാലും മതി, വണ്ണവും ഇല്ല, ഉയരവും ഇല്ല... ദാ... എന്നെ നോക്കൂ എന്തുയരമാണ് എനിക്ക്! ഈ കാടിന്റെ എല്ലാ ഭാഗങ്ങളും നന്നായി കാണാം. എത്ര കിളികളാണ് എന്റെ ചില്ലയിൽ കൂടുകൂട്ടുന്നത്. നിന്റെ അരികിലേക്കുപോലും ആരും വരുന്നില്ല. അയ്യോ കഷ്ടം!” മാവുമരത്തിന്റെ കളിയാക്കൽ കേട്ട് ചൂരൽച്ചെടി വിഷമത്തോടെ തലകുനിച്ചുനിൽക്കും. അങ്ങനെയിരിക്കേ ഒരു ദിവസം കാട്ടിൽ ഭയങ്കര മഴയും കൊടുങ്കാറ്റും ഉണ്ടായി. കാറ്റ് വീശിയടിച്ചപ്പോൾ മരങ്ങളെല്ലാം ആടിയുലഞ്ഞു. ചൂരൽമരം പേടിച്ചു വിറച്ചു. അപ്പോൾ മാവുമരം പറഞ്ഞു:

“ചൂരൽച്ചെടിയേ, പിടിച്ചുനിന്നോ, നിന്നെ കാറ്റു പറത്തിക്കൊണ്ടുപോകും നിനക്കു വലുപ്പവും ശക്തിയും ഇല്ലല്ലോ ഹ... ഹ... ഹ...” മാവുമരം ചിരിച്ചു.

കൊടുങ്കാറ്റ് ശക്തിയായി ആഞ്ഞടിച്ചു... ദാ... മാവുമരം അലറിക്കൊണ്ട് നിലംപതിച്ചു. ചൂരൽചെടി ദൈവത്തെ വിളിച്ചു പ്രാർഥിച്ചു: ചൂരൽച്ചെടി വളഞ്ഞ് നിലത്തു മുട്ടിനിന്നു... പൊടുന്നനേ കാറ്റു നിലച്ചു. അഹങ്കാരിയായ മാവുമരം നിലത്തു കിടന്ന് കരയുന്നു. എന്നാൽ, വളഞ്ഞുനിന്ന ചൂരൽച്ചെടി പതിയെ പൊങ്ങിവന്നു. അവൻ മാവുമരത്തോടു ചോദിച്ചു: “ചങ്ങാതീ, നിന്റെ വണ്ണവും ഉയരവും ഇപ്പോൾ എവിടെപ്പോയി? തന്നെക്കാൾ ചെറിയവരെ ഒരിക്കലും കളിയാക്കരുത്. അഹങ്കാരം ആപത്ത്.

ആത്മവിശ്വാസത്തിന്റെ മികവ്

അയ്ന സി. എബ്രാഹം
എം.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ

ആത്മവിശ്വാസം, അതായത് സ്വയം വിശ്വസിക്കുക എന്നത് മനുഷ്യന്റെ വിജയത്തിനും ജീവിതത്തിനും പ്രധാനപ്പെട്ട ഒന്നാണ്. ഓരോ വ്യക്തിയുടെയും അസ്തിത്വം അതിന്റെ ലക്ഷ്യങ്ങൾ, കഴിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആത്മവിശ്വാസം വളരുന്നു. ജീവിതത്തിൽ, സാമൂഹികബന്ധങ്ങളിൽ, കലാസംസ്കാരങ്ങളിൽ തുടങ്ങി എല്ലായിടത്തും ആത്മവിശ്വാസം എന്ന ആശയം പ്രയോഗിക്കാം. അതിനാൽ ആത്മവിശ്വാസം എങ്ങനെ വളർത്തണം, അതിന്റെ പ്രാധാന്യം, പ്രയോജനങ്ങൾ എന്നിവയെക്കുറിച്ച് ഒരു ധാരണ കൈവരിക്കുന്നത് വളരെ പ്രധാനമാണ്. ആത്മവിശ്വാസം ഒരു വ്യക്തിയുടെ പരിമിതികളെ അതിജീവിക്കാൻ സഹായിക്കുന്നു. ഒരു വ്യക്തിക്ക് വളരെ ഉയർന്ന ലക്ഷ്യങ്ങളിലേക്കും സവിശേഷമായ നേട്ടങ്ങളിലേക്കും എത്താൻ കഴിയും. വലിയ സ്വപ്നങ്ങൾ കാണുകയും അവയിലേക്ക് മുന്നേറുകയും ചെയ്യാൻ ആത്മവിശ്വാസം സഹായിക്കുന്നു.

ജീവിതത്തിൽ ആത്മവിശ്വാസമുള്ള വ്യക്തികൾ കൂടുതൽ കാര്യക്ഷമമാണ്. അവർക്ക് ഭാവി ലക്ഷ്യങ്ങൾക്ക് ഒരു രൂപരേഖയുണ്ട്. ആത്മവിശ്വാസമുള്ള വ്യക്തികൾക്ക് സാമൂഹികബന്ധങ്ങൾ പണികഴിക്കുക എളുപ്പമാണ്. അവർ കൂടിയാലോചിക്കുന്നതിലും ആശയവിനിമയം നടത്തുന്നതിലും കൂടുതൽ പ്രാവീണ്യം കാണിക്കുന്നു. ആത്മവിശ്വാസം ഉണ്ടായ വ്യക്തികൾ, പൊരുത്തപ്പെടലുകളും പരാജയങ്ങളും നേരിടാൻ കൂടുതൽ സ്വാധീനശേഷിയുള്ളവരാണ്. ഇത് മികച്ച നേട്ടങ്ങളിലേക്ക് നയിക്കുന്നു. ആഗ്രഹങ്ങൾ കൈവരിക്കാൻ ഒരിടത്തേക്കു നിരന്തരമായ പരിശ്രമം ആവശ്യമാകും. ശ്രമം മാത്രമല്ല പ്രയാസങ്ങൾക്കും ഒരുങ്ങണം. ഒരു വ്യക്തിക്ക് കുടുംബം, സുഹൃത്തുക്കൾ, ആശയവിനിമയം എന്നിവ മുതൽ പ്രോത്സാഹനം ലഭിക്കുന്നത്, ആത്മവിശ്വാസം വർധിപ്പിക്കാൻ സഹായിക്കുന്നു.

ആത്മവിശ്വാസം ഒരു വ്യക്തിയുടെ ജീവിതം മാറ്റിമറിക്കുന്ന ശക്തിയേറിയ ഒരു ഗുണം മാത്രമല്ല, അതുവഴി വ്യക്തികൾക്ക് സ്വയം വിശ്വസിച്ച് കൂടുതൽ ഉയരങ്ങളിൽ എത്താനും സാമൂഹികമാനസിക ശാരീരിക പ്രശ്നങ്ങൾ മറികടക്കാനും കഴിയും. മാനസികാരോഗ്യം, അതിന്റെ മറ്റൊരു ഗുണമാണ്. ആത്മവിശ്വാസം ഉള്ളവർക്ക് നിസ്സാരമായ വിഷാദം, ഭയം എന്നിവയെ നേരിടാൻ കഴിയും. ഇത് ഒരാളുടെ മാനസികസമാധാനം നിലനിർത്തുന്നതിനു സഹായിക്കുന്നു. ആത്മവിശ്വാസം വളർത്തുന്നതിനുള്ള മാർഗങ്ങൾ സമർപ്പിതവും തുടർച്ചയായ പരിശ്രമം ആവശ്യമുള്ളതുമാണ്.

ആത്മവിശ്വാസം എന്നത് നമ്മുടെ ഉള്ളിലെ അവിഭാജ്യമായ ശക്തിയാണ്. ആത്മസമാധാനത്തിന്റെയും വിജയത്തിന്റെയും രഹസ്യം. നമുക്ക് നമ്മുടെ ആത്മവിശ്വാസത്തെ പിന്തുണച്ചുകൊണ്ടുമാത്രം നിയന്ത്രണത്തിലാക്കാൻ സാധിക്കും. ഒരാളുടെ സ്വപ്നങ്ങൾ സാധ്യമാക്കുന്നതിനും അതിന്റെ ദൗത്യങ്ങൾ കൈവരിക്കുന്നതിനും സത്യത്തിൽ ആത്മവിശ്വാസം ഏറ്റവും ശക്തമായ കരുത്താണ്. ഓരോ മനുഷ്യനും തന്റെ കഴിവുകളുടെ സർവശക്തിയും ആഗ്രഹങ്ങളുടെ സത്യസന്ധതയും ലക്ഷ്യങ്ങളുടെ സങ്കല്പവും കൈവരിച്ച് തന്റെ ആത്മവിശ്വാസത്തെ സൃഷ്ടിക്കേണ്ടതാണ്. ആത്മവിശ്വാസം എന്നത് ആകാംക്ഷകളുടെ ശീതളമായ കിരണം പോലെ നമ്മെ നയിക്കുന്നു, വിജയത്തിന്റെ സുവർണവഴികൾ തുറക്കുന്നു. ■

വൃന്ദ ജയൻ
എം.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ

പ്രകൃതി അമ്മയാണ്. ആ അമ്മയെ നാം നശിപ്പിക്കരുത്. മനുഷ്യന്റെ പ്രവൃത്തിമൂലം പരിസ്ഥിതി ദോഷകരമാകുകയും അത് ലോകനാശത്തിനു കാരണമാകുകയും ചെയ്യുന്നു. അനേകം പ്രകൃതിദുരന്തങ്ങൾക്ക് ഇതിനോടകം നാം സാക്ഷ്യം വഹിച്ചു കഴിഞ്ഞു. അതിൽനിന്നും നാം പാഠം പഠിക്കണം. ഇത് ഒരു സ്വാഭാവിക പ്രക്രിയയാണ്. പ്രകൃതിയെ അഥവാ ഭൂമിയെ ഒരു ഹരിതകേന്ദ്രമാക്കി വരുംതലമുറയ്ക്കു നൽകേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. മനുഷ്യർ എല്ലാവരുംതന്നെ മലിനീകരണത്തിന്റെ അനന്തരഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ആളുകൾ കൂടിത്താമസിക്കുന്നത് ജലക്ഷാമം, മാലിന്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

പ്രകൃതിസംരക്ഷണം

കൂടാതെ, മനുഷ്യനെത്തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള രോഗങ്ങളും പടർന്നുപിടിക്കുന്നു. വികസനം അത്യാവശ്യമാണ്. പക്ഷേ, അത് സാമ്പത്തികസാംസ്കാരികസാമൂഹിക ഘടനയ്ക്കു ദോഷകരമാവാത്ത രീതിയിലാവണം. ചിലപ്പോഴൊക്കെ അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളാണ് മനുഷ്യൻ കൂടുതലായും നടക്കുന്നത്. ഇത് ഭൂമിയുടെ നിലനില്പ്പു തന്നെ അപകടത്തിലാക്കുന്നു. ഇന്ന് നമ്മെ വേട്ടയാടുന്ന വലിയ പാരിസ്ഥിതികപ്രശ്നങ്ങളാണ് കാലാവസ്ഥാവ്യതിയാനം, ചൂടിന്റെ വർധന, ജലക്ഷാമം എന്നിവ.

ഇന്നത്തെ സംവിധാനങ്ങളും നിയമങ്ങളും പ്രകൃതിസംരക്ഷണത്തിനും പോരാതെ വരുന്നുണ്ട്. നിയമങ്ങൾ നടപ്പാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടോ എന്നതാണു പ്രശ്നം. നമ്മുടെ പ്രകൃതിയിൽ വിവിധങ്ങളായ ജീവിഘടകങ്ങൾ അധിവസിക്കുന്നുണ്ട്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണമില്ലാതെ ജീവികൾക്കു നിലനിൽക്കാൻ സാധിക്കില്ല. ജീവന്റെ നിലനില്പിനാവശ്യമായ വിഭവങ്ങൾ അവയെ നല്ല രീതിയിൽ സംരക്ഷിച്ചില്ലെങ്കിൽ പ്രകൃതിയുടെ നിലനില്പുതന്നെ അവതാളത്തിലാക്കും. കേരളത്തിന്റെ ഓരോ ഇടവും രൂക്ഷമായ പരിസ്ഥിതിപ്രശ്നങ്ങളുടെ കേന്ദ്രമായി മാറുകയാണ്. പ്രകൃതിസംരക്ഷണത്തിനും നിർമാർജനത്തിനുമുള്ള പദ്ധതികൾ അടിയന്തരമായി നടപ്പാക്കണം. വിദേശരാജ്യങ്ങളിൽ മാലിന്യം സംസ്കരിച്ച് അതിലൂടെ ഊർജവും വളവും ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ വിജയകരമായി നടപ്പാക്കിവരുന്നു.

തൊഴിലിനായും ഭക്ഷണത്തിനായും ജലത്തിനായും നേരിട്ട് പ്രകൃതിയെ ആശ്രയിക്കുന്നവർക്കാണ് പ്രകൃതിനാശം പ്രത്യക്ഷാനുഭവമായി മാറുന്നത്. പാടം നികത്തിയാലും, മണൽവാരി പുഴ നശിപ്പിച്ചാലും വനം വെട്ടിയാലും മാലിന്യം മലയായി മാറിയാലും കുന്നുകൾ ഇടിച്ചാലും ഒരു പ്രശ്നവുമില്ലെന്നു കരുതുന്ന കാഴ്ചപ്പാടാണു മാറ്റേണ്ടത്. പരിസ്ഥിതിക്കു നാശം വരുത്തുന്ന ഒന്നും നമുക്കു വേണ്ട എന്ന തിരിച്ചറിവ് ഉണ്ടാകാത്തിടത്തോളം ഇത്തരം പ്രശ്നങ്ങളിൽനിന്നു രക്ഷനേടാൻ സാധ്യമല്ല. ഈ പ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നമാണ് എന്നു മനസ്സിലാക്കി ബോധപൂർവം നമ്മുടെ പ്രകൃത്യാംബയെ സംരക്ഷിക്കാൻ നാം തയ്യാറാകണം.

എന്റെ വര



അന്നു മരിയ ജിബി
ക്ലാസ് IV
ഹോളിക്രോസ് എച്ച്.എസ്
ചേർപ്പുങ്കൽ



വിസ്മയ കെ. മധു
പ്ലസ് ടു
സെന്റ് മേരീസ് ഹയർ
സെക്കൻഡറി സ്കൂൾ
മോറക്കാല
എറണാകുളം

ആൽബിൻ സാജൻ
എം.എ. മലയാളം
രണ്ടാം വർഷം
സെന്റ് തോമസ്
കോളജ് പാലാ

സംസ്കാരശോഷണം സമൂഹമാധ്യമങ്ങളിൽ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഉത്പന്നമായി കടന്നുവന്ന ഇന്റർനെറ്റ് - സോഷ്യൽമീഡിയകൾ ഇന്ന് മനുഷ്യജീവിതത്തിന്റെ അനിവാര്യഘടകമായി മാറിയിരിക്കുകയാണ്. മുതിർന്നവരെന്നോ ചെറുപ്പക്കാരെന്നോ ഭേദമില്ലാതെ എല്ലാ പ്രായക്കാരും ഇപ്പോൾ സോഷ്യൽമീഡിയയുടെ ഉപഭോക്താക്കളാണ് 4.7 ബില്യണിലധികം ആളുകൾ ഇന്ന് സോഷ്യൽമീഡിയ ഉപയോഗിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു; അത് ലോകജനസംഖ്യയുടെ 60 ശതമാനത്തോളം വരും. ഇത്രയും ആളുകൾ ഉപയോഗിക്കുന്ന സോഷ്യൽമീഡിയ ഇടങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ഈ സ്വാധീനം ഗുണകരമാണോ ദോഷകരമാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

യുവാക്കളെയും കൗമാരക്കാരെയും ഏറ്റവുമധികം സ്വാധീനിക്കുന്ന സോഷ്യൽ മീഡിയ ഇടമാണ് 'ഇൻസ്റ്റഗ്രാം.' അതിൽ നിശ്ചിതസമയദൈർഘ്യത്തിൽ അവസാനിക്കുന്ന വീഡിയോശകലങ്ങളായ ഇൻസ്റ്റഗ്രാം റീലുകളും വിവിധ ട്രോൾ പേജുകൾ നിർമിക്കുന്ന തമാശകളും കൂടുതൽ കാഴ്ചക്കാരെ സൃഷ്ടിക്കുന്നു. വളരെ വേഗത്തിൽ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റാൻവേണ്ടി പലപ്പോഴും ലൈംഗികവൈകൃതങ്ങളും അശ്ലീലസംഭാഷണങ്ങളും ദ്വയാർഥപ്രയോഗങ്ങളുംകൊണ്ട് സമ്പന്നമാണിത്തരം റീലുകൾ. അവിഹിതബന്ധങ്ങളും തെറിവിളികളുമൊക്കെ തമാശരൂപേണ സാമാന്യവത്കരിക്കാനുള്ള ശ്രമങ്ങൾ ഇവിടെ കാണാം. കുടുംബബന്ധങ്ങളെയും ധാർമികമൂല്യങ്ങളെയും സംസ്കാരത്തെയും ഇവിടെ വിലകുറച്ചു കാട്ടുന്നു. നല്ലതു ചെയ്യുന്നവരെ 'നന്മമരം' എന്നു പറഞ്ഞ് ആക്ഷേപിക്കുന്നു.

ഇതു യുവാക്കളെ എങ്ങനെ സ്വാധീനിക്കുന്നു എന്നു ചോദിച്ചാൽ, ഇത്തരം വീഡിയോകളുടെ താഴെയുള്ള കമന്റുബോക്സുകൾ ശ്രദ്ധിച്ചാൽ വ്യക്തമാകും. ആർക്കും ആരെയും എന്തു വേണമെങ്കിലും പറയാമെന്ന രീതിയാണവിടെ കാണുന്നത്. ജാതി-മത-വർഗ-വർണ-ദേശ-വിദ്വേഷങ്ങളുടെ ഏറ്റവും പുതിയ രൂപം ഈ കമന്റുബോക്സുകളിൽ നമുക്കു കാണാനാകും. എതിരു പറയുന്നവരെ കൂട്ടംകൂടി തെറിവിളികൾകൊണ്ട് ഒറ്റപ്പെടുത്തുന്ന ആൾക്കൂട്ടാക്രമണങ്ങൾ ഇവിടെ ധാരാളമായി നടന്നുകൊണ്ടിരിക്കുന്നു. മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിനും സമൂഹത്തിന്റെ ധാർമികമൂല്യങ്ങൾക്കും യാതൊരു വിലയും കല്പിക്കപ്പെടുന്നില്ല.

സോഷ്യൽ മീഡിയ സ്വാധീനത്തിന്റെ പരിണതഫലങ്ങൾ സോഷ്യൽ മീഡിയയ്ക്കു പുറത്തും ഇപ്പോൾ കണ്ടുതുടങ്ങിയിരിക്കുന്നു. കൗമാരക്കാരായ സ്കൂൾവിദ്യാർഥികൾക്ക് പൊതു ഇടങ്ങളിൽ എങ്ങനെ പെരുമാറണമെന്ന ബോധം ഇല്ലാതായിരിക്കുന്നു. ബസിലും ബസ്സ്റ്റോപ്പിലുമൊക്കെ ആയിരിക്കുമ്പോഴുള്ള കുട്ടികളുടെ സംസാരവും പെരുമാറ്റവും പലപ്പോഴും അതിരുകടന്നതാണ്. മുതിർന്നവരോട് എങ്ങനെ സംസാരിക്കണമെന്നോ തങ്ങളുടെ പ്രവൃത്തികൾ ചുറ്റുമുള്ളവർക്കു ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്നൊന്നും അവർ ചിന്തിക്കുന്നില്ല.

അധാർമികമായ കാര്യങ്ങൾ മാത്രമാണു സോഷ്യൽ മീഡിയയിലുള്ളത് എന്നല്ല ഇവിടെ പറയാനുദ്ദേശിച്ചത്. സമൂഹത്തിനും മനുഷ്യനും ഉപകാരപ്രദമായ ഒരുപാടു കാര്യങ്ങൾ സോഷ്യൽമീഡിയയിൽ ലഭിക്കുന്നുണ്ട്. പക്ഷേ, മനുഷ്യന്റെ ദൃഷ്ടി ആദ്യം പതിയുക, മിക്കപ്പോഴും മോശപ്പെട്ട കാര്യങ്ങളിലേക്കായിരിക്കും. ഇതിനു പ്രതിവിധിയായി നമുക്കു ചെയ്യാൻ കഴിയുന്നതെന്തെന്നു വച്ചാൽ, ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേകം കുട്ടികളിലുണ്ടാക്കുക എന്നതാണ്. സംസ്കാരം, ധാർമികത എന്നത് മോശപ്പെട്ട കാര്യമല്ലെന്ന് അവരെ ബോധ്യപ്പെടുത്തുക. വീടുകളിലും സ്കൂളുകളിലും ധാർമികവിദ്യാഭ്യാസം നടപ്പാക്കുക. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസേഴ്സ് എന്നു പറയുന്നവർക്കു സമൂഹത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിലും, തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കാതിരിക്കാനുള്ള പ്രതിബദ്ധത ഉണ്ടായിരിക്കണം. അങ്ങനെ, ധാർമികമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നമുക്കു സാധിക്കും.

■

സ്ത്രീകളുടെ അവകാശം സ്വപ്നം മാത്രമോ?

മഞ്ജിമ ബാബുരാജ്
എം.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ

സ്ത്രീശക്തീകരണം മുഖമുദ്രയാക്കി ഒട്ടേറെ നിയമങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുംവേണ്ടി ഉത്തരവാദിത്വപ്പെട്ട ഗവൺമെന്റുകൾ നിർമിച്ചുനടപ്പാക്കുമ്പോഴും ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ദിവസവും പുറത്തുവരുന്നത്. സമൂഹത്തിൽ മാന്യമായി ജീവിക്കാനും തങ്ങളുടെ അന്തസ്സ് കാത്തുസൂക്ഷിക്കാനുമുള്ള സ്ത്രീകളുടെ അവകാശം സ്വപ്നംമാത്രമാണോ? ഓരോ സംഭവം ഉണ്ടാകുമ്പോഴും ഇനിയാരാൾക്കും അല്ലെങ്കിൽ ഒരു കുട്ടിക്കും ഈ ഗതികേട് ഉണ്ടാകരുതെന്ന് നമ്മൾ ആത്മാർഥമായി ആഗ്രഹിക്കുമ്പോഴും, കുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ അതിക്രമങ്ങളും പീഡനങ്ങളും തട്ടിക്കൊണ്ടുപോകലുമെല്ലാം നിത്യസംഭവങ്ങളായി മാറുന്നു. സാക്ഷരകേരളമേ, നിന്റെ മുമ്പിൽ തലകുനിക്കുന്നു! ഇനി എന്നാണ് ഇത് അവസാനിക്കുക?

എത്രയോ രോഗികളുടെ ജീവൻ രക്ഷിക്കേണ്ടിയിരുന്ന, 'ഡോ. വന്ദനാദാസ്' തൊഴിലിടത്തിൽവച്ച് അക്രമിയുടെ കൊലക്കത്തിക്കിരയായപ്പോൾ അത് അവസാനത്തേതായിരിക്കണമെന്ന് നമ്മൾ ആത്മാർഥമായി ആഗ്രഹിച്ചു. എന്നാൽ, ബംഗാളിലെ മെഡിക്കൽ കോളജിൽ ക്രൂരമായ ബലാത്സംഗത്തിനിരയായി കൊല ചെയ്യപ്പെട്ട യുവഡോക്ടറുടെ കഥ, സമൂഹത്തിൽ വളരെ ആദരണീയമായ സ്ഥാനം നാം നല്കിപ്പോരുന്ന ഡോക്ടർമാർക്കുപോലും ഇനി എങ്ങനെ സ്വതന്ത്രമായി ജോലി ചെയ്യുവാൻ സാധിക്കും, സ്ത്രീകളുടെ സുരക്ഷ എവിടെ തുടങ്ങി ആശങ്കയുണർത്തുന്ന ഒരുപാടു ചോദ്യങ്ങളുയർത്തുന്നു.

ലൈംഗികത എന്താണെന്നുപോലും തിരിച്ചറിയാത്ത മൂന്നുവയസ്സുകാരി ആലുവയിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു കൊല ചെയ്യപ്പെട്ടത്, മാതാപിതാക്കളോടൊപ്പം ഉറങ്ങിക്കിടന്ന കുട്ടിയെ എടുത്തുകൊണ്ടുപോയി പീഡിപ്പിച്ച് കൊലപ്പെടുത്തി മൃതദേഹം കുഴിച്ചിട്ടത്, പെരുമ്പാവൂരിൽ ജിഷ എന്ന നിയമവിദ്യാർഥിനിയുടെ കൊലപാതകം തുടങ്ങിയവയെല്ലാം വെളിവാക്കുന്നത് ഇതിനു പ്രായമോ പ്രൊഫഷണോ ഒന്നും പ്രശ്നമല്ല എന്നുള്ളതാണ്. സ്വന്തം രക്തത്തിൽ പിറന്ന മകളെ അച്ഛൻ ഗർഭിണിയാക്കുന്നത്, ഗുരുനാഥൻ ശിഷ്യയെ പീഡിപ്പിക്കുന്നത്, കാമുകനാൽ ഗർഭിണിയായതിന്റെ പേരിൽ ഒരു കുറ്റവും ചെയ്യാതെ പിറന്നുവീണ കുഞ്ഞിനെ കൊലചെയ്യുന്നത് എല്ലാം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ക്രൂരമുഖങ്ങളാണ്. സ്ത്രീപുരുഷസമത്വം നിലനിൽക്കുന്ന സാക്ഷരകേരളത്തിൽ എന്നാണ് പെൺകുട്ടികൾക്കു നിർഭയം ജീവിക്കാൻ സാധിക്കുന്നത്?

സ്ത്രീകൾ തൊഴിൽ അന്വേഷിച്ചാൽ പ്രതിഫലമായി ശരീരം ആവശ്യപ്പെടുന്നു. ഇത് കലാരംഗത്തുമാത്രമല്ല, കൂലിപ്പണി ഉൾപ്പെടെയുള്ള എല്ലാ രംഗത്തും സ്ഥിരമായി തൊഴിൽ ലഭിക്കണമെങ്കിൽ ദാതാവിന്റെ ഇംഗിതം സാധിക്കണം എന്നതിലേക്കു നമ്മുടെ സമൂഹം അധഃപതിച്ചിരിക്കുന്നു.

ഇത് ശാശ്വതമായി പരിഹരിക്കാൻ അടിയന്തരശ്രദ്ധ അധികാരികളിൽനിന്നുണ്ടാവണം. ഇത്തരം അതിക്രമങ്ങൾ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ കൂടുതലാണെങ്കിൽ ബോധവത്കരണംമാത്രംപോരാ, ഗവൺമെന്റ് പുനർചിന്തനം നടത്തുകയും ശക്തമായ നിയമസംവിധാനം ഏർപ്പെടുത്തുകയും വേണം.

യുദ്ധാനന്തരം

ട്രീസാ ആൻ സിജു
ക്ലാസ് XI
സെന്റ് ജോൺ
നെപുംസ്യാൻസ്
എച്ച്.എസ്.എസ്.
കൊഴുവനാൽ

ജയിച്ചതാര്?
ജീവനറ്റവനോ ജീവനെടുത്തവനോ?
അറിയില്ല ഉത്തരമില്ലൊരിക്കലും
തോറ്റതാര്?
ഉത്തരമെന്നുമൊന്നുതന്നെ
നിരാശയുടെ പീള കെട്ടിയ
കണ്ണുകളുമായി കാത്തിരിക്കുന്ന
അച്ഛനമ്മമാർ
വരും... വരാതിരിക്കില്ല
എന്ന ചെറുനുണകളുടെ
കൂട്ടുപോലുമില്ലാതെ
പിന്നെയുമുണ്ട്...
അനാഥരായ കുഞ്ഞുങ്ങൾ
ചിത്രത്തിൽ ചിരി തൂകും അച്ഛന്
ഉമ്മ നൽകി ചിരിച്ചു നടക്കുവോർ
ഓരോ കാലത്തും
അരുതെന്നു പാടിയോർ
സമാധാനത്തിന്റെ ഗീതികൾ
സ്വന്തം ജീവരക്തത്തിൽ കുറിച്ചവർ
പലകാലം, പലദേശം, പലഭാഷകൾ,
എങ്കിലും യുദ്ധമെന്നത്
എന്നും ഒരൊറ്റ പാഠമാണ്
കാലമിത്രയായിട്ടും മനുഷ്യരാശിയൊരിക്കലും
പഠിച്ചു ജയിക്കാത്ത പാഠം...